**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4831** **01-11-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി എന്തെല്ലാം കർമ്മപദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗ്രീൻ കാർപെറ്റ് പദ്ധതി വഴിയുള്ള നിർമ്മാണ പ്രവൃത്തികളും, ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴി മാലിന്യനിർമ്മാർജ്ജനവും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയിലറ്റുകൾ നിർമ്മിക്കാൻ വേൾഡ് ക്ലാസ്സ് ടോയിലറ്റ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതു പ്രകാരം 12 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് കൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയിലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെയും ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി ടൂറിസം – പൊതുമരാമത്ത് വകുപ്പ് മന്ത്രി യോഗം നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്. |
| (ബി) | ഹെൽത്ത് ടൂറിസത്തെയും പഠന ടൂറിസത്തെയും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പഠന ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ മുസിരിസിന്റെ പൈതൃകപരമായും ചരിത്രപരമായും പ്രാധാന്യമുള്ള മേഖലകളെ പരിചയപ്പെടുത്തുന്നതിനായി "സ്റ്റുഡൻസ് ഹെറിറ്റേജ് വാക്ക്" എന്ന പദ്ധതി വിഭാവനം ചെയ്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിലെ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളിൽ വിദേശ വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനും, കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ക്ലാസിഫിക്കേഷൻ സിസ്റ്റം ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള ഗുണനിലവാരമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു. കോവിഡിന് ശേഷം സംസ്ഥാനത്തെ ആരോഗ്യ ടൂറിസം മേഖലയ്ക്ക് വലിയ സാധ്യതയാണ് സർക്കാർ കാണുന്നത്. ആയുർവ്വേദത്തിന് കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കാണുള്ളത്. എന്നാൽ കോവിഡാനന്തര കാലഘട്ടത്തിൽ ആയുർവ്വേദചികിത്സ കൂടി ലക്ഷ്യം വച്ച്കൊണ്ട് സംസ്ഥാനത്തേക്ക് മുൻകാലത്തേക്കാൾ കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുമെന്നാണ് സർക്കാർ കരുതുന്നത്. സംസ്ഥാനത്ത് ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കാനായി ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിന് ടൂറിസം വകുപ്പ് രൂപം നൽകി വരുന്നുണ്ട്. കൂടാതെ ഈ വർഷം നടക്കുന്ന WTM - ലണ്ടൺ എന്ന അന്താരാഷ്ട്ര ടൂറിസം മേളയിൽ സംസ്ഥാനത്തെ ആയുർവ്വേദത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടിയും സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാനസർക്കാർ ടൂറിസം വകുപ്പ് വഴി ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്. സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ്, ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്. ഏറ്റവും മികച്ച സെന്ററുകൾക്ക് ആയൂർ ഡയമണ്ട് എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. നിലവിൽ 50 ഓളം ആയുർവ്വേദ സെന്ററുകൾ സംസ്ഥനത്ത് ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകളായി പ്രവർത്തിച്ചു വരുന്നു. മൂന്നു വർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി. |
| (സി) | ടൂറിസം വികസനത്തിന് സഹായകമാകുന്ന വിധത്തിൽ സ്വകാര്യ ടൂറിസം പ്രോജക്ടുകൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ? | (സി) | പരിഗണനയിലുണ്ട്. ടൂറിസം വ്യവസായ സംരംഭകർക്ക് സംസ്ഥാന ടൂറിസം വകുപ്പിന്റെയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും അംഗീകാരമുള്ള യൂണിറ്റുകൾക്ക് വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായി വകുപ്പ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും നൽകി വരുന്നു. ടൂറിസം വികസനത്തിന് സഹായകമാകുന്നവിധത്തിൽ സ്വകാര്യ ടൂറിസം പ്രൊജക്ടുകൾക്ക് പ്രോത്സാഹനം നൽകുന്ന കാരവൻ ടൂറിസം പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കാരവൻ വാങ്ങുവാനായും കാരവൻ പാർക്കുകൾ നിർമ്മിക്കുവാനായും നിരവധി സംരംഭകർ മുന്നോട്ടു വന്നിട്ടുണ്ട്. ഇത് സ്വകാര്യ ടൂറിസം പ്രോജക്ടുകൾ കൂടുതലായി നടപ്പാക്കാൻ പ്രോത്സാഹനമേകും എന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ